# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1448** — **02/07/2015 ൽ മറുപടിയ്ക്ക്**

## വികസന സമന്വയം-ടാബ്ലോയ്ഡ് പ്രസിദ്ധീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. കെ.സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി | |
| (എ) | വിവര-പൊതുജന സമ്പർക്ക വകുപ്പ് വികസന സമന്വയം എന്ന പേരിൽ ടാബ്ലോയ്ഡ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ആയതിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാമോ; | (ബി) | വിവര-പൊതുജന സമ്പർക്ക വകുപ്പ് നേരത്തെ പ്രസിദ്ധീകരിച്ചിരുന്ന വികസന സമന്വയം എന്ന ന്യൂസ് ലറ്ററാണ് ഇപ്പോൾ ടാബ്ലോയ്ഡായി പുറത്തിറക്കുന്നത്. 16 പേജുള്ള ബഹു വർണ്ണ അച്ചടിയിലാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. |
| (സി) | ആയതിന്റെ പ്രസിദ്ധീകരണച്ചുമതല ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത്; അവരെ തെരഞ്ഞെടുത്ത രീതി വിശദമാക്കാമോ; | (സി) | ടാബ്ലോയ്ഡായി പ്രസിദ്ധീകരിച്ച വികസന സമന്വയത്തിന്റെ ആദ്യലക്കം പരീക്ഷണാർത്ഥമായിരുന്നു. വകുപ്പിന്റെ മീഡിയാ ലിസ്റ്റിൽ 'സി', 'ഡി' കാറ്റഗറി പത്രങ്ങളിൽ നിന്നും ടി പത്രം അച്ചടിച്ച് അവരുടെ ഏജന്റുമാർ വഴി വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. മാതൃഭൂമി, കേരള കൗമുദി, മാധ്യമം, തേജസ് , മെട്രോ വാർത്ത എന്നീ പത്ര സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. ലഭിച്ച |

| | | | |
|---|---|---|---|
| | | | ക്വട്ടേഷനുകൾ പരിശോധിച്ച് സ്വീകാര്യമായ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച പത്രസ്ഥാപനങ്ങളുമായി ചർച്ച നടത്തി യുക്തമായ നിരക്കുകളും അച്ചടിസംവിധാനങ്ങളും വിതരണശൃംഖലയുമുള്ള മാതൃഭൂമിയെ അച്ചടിക്കും വിതരണത്തിനും ചുമതലപ്പെടുത്തി. തുടർന്ന് രണ്ട് ലക്കങ്ങൾ കൂടി അച്ചടിച്ച് വിതരണം ചെയ്യാൻ മാതൃഭൂമിയെ ചുമതലപ്പെടുത്തിയിരുന്നു.<br>മന്ത്രിസഭാ വാർഷികാഘോഷത്തോടനുബന്ധിച്ച് 15 ലക്ഷം കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യാൻ ക്വട്ടേഷൻ ക്ഷണിക്കുകയും നിശ്ചിത അനുപാതത്തിൽ പത്രം അച്ചടിച്ച് വിതരണം ചെയ്യാൻ മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, മംഗളം എന്നീ പത്രങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. നിയമസഭ ഉപതെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ തിരുവനന്തപുരം ജില്ലയെ ഒഴിവാക്കിയാണ് പ്രത്യേക ലക്കത്തിന്റെ വിതരണം. |
| (ഡി) | വികസന സമന്വയത്തിന്റെ പ്രസിദ്ധീകരണ ചെലവിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ? | (ഡി) | വികസന സമന്വയത്തിന്റെ മാർച്ച്, ഏപ്രിൽ ലക്കം അച്ചടിച്ച് വിതരണം ചെയ്ത വകയിൽ 24,99,000/- രൂപ കോഴിക്കോട് മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് -ന് നൽകിയിട്ടുണ്ട്. |

RJ [signature]

സെക്ഷൻ ഓഫീസർ